**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6110** **09-11-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ കടലുണ്ടിപ്പുഴയുടെയും തോടുകളുടെയും സംരക്ഷണഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടലുണ്ടിപ്പുഴയുടെയും വിവിധ തോടുകളുടെയും സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് മലപ്പുറം മണ്ഡലത്തിൽ നിന്ന് 2020, 2021 എന്നീ വർഷങ്ങളിൽ എത്ര പ്രോപ്പോസലുകൾ ലഭിച്ചിട്ടുണ്ട്; | (എ) | കടലുണ്ടി പുഴയുടെയും വിവിധ തോടുകളുടെയും സംരക്ഷണ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് മലപ്പുറം മണ്ഡലത്തിൽ നിന്ന് 2020, 2021 വർഷങ്ങളിൽ 20 പ്രപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഓരോ പ്രോപ്പോസലിനും തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ എത്ര എണ്ണത്തിന് ഭരണാനുമതി നല്കിയിട്ടുണ്ട്; അവ ഏതെല്ലാമെന്നും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ; ഓരോന്നിന്റെയും പ്രവർത്തനപുരോഗതി വിശദീകരിക്കാമോ; | (ബി) | പ്രസ്തുത പ്രപ്പോസലുകളിൽ 6 എണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ പ്രവൃത്തികളും അവയുടെ വിശദാംശങ്ങളും അനുബന്ധം നം-1 ആയി ചേർക്കുന്നു. |
| (സി) | പാണക്കാട് ആറുവെട്ടി കടവ്, മലപ്പുറം താമരക്കുഴി, ആനക്കയം പുത്തൻതോട്, പൂക്കോട്ടൂർ പാലക്കച്ചിറ എന്നിവിടങ്ങളിലെ അപകടാവസ്ഥയിലുള്ള കരകളിൽ സംരക്ഷണഭിത്തി നിർമ്മിക്കുവാനുള്ള പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ? | (സി) | അപകടാവസ്ഥയിലുള്ള കരകളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുവാനായി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ അനുബന്ധം -2 ആയി ചേർക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | റിമാർക്ക്സ് |
|---|---|---|---|
| 1. | കോഡൂർ പഞ്ചായത്തിൽ മങ്ങാട്ടുപുലം ജുമാ മസ്ജിദിനു സമീപം കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം | 14.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2. | കോഡൂർ പഞ്ചായത്തിൽ കോങ്കയം ജുമാ മസ്ജിദിനു സമീപം കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം | 35.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3. | ആനക്കയം പഞ്ചായത്തിൽ പനമ്പറ്റ പാലത്തിന് താഴ്ഭാഗത്ത് പുളിയേങ്ങൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം | 21.40 | പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്. |
| 4. | കോഡൂർ ഗ്രാമ പഞ്ചായത്തിൽ കിളിയമണ്ണിൽ തോടിന്റെ പാർശ്വ ഭിത്തി സംരക്ഷണം | 14.6 | പ്രവൃത്തി സ്ഥലം കൈമാറി. |
| 5. | പൂൽപ്പറ്റ പഞ്ചായത്തിലെ മോങ്ങം ചെറുവത്തൂർ തോടിന് കോഴിത്താഴ് – മണ്ണിങ്ങൽ ചോലക്കുണ്ട് ഭാഗത്ത് വി. സി. ബിയിൽ തോടിന് പാർശ്വ ഭിത്തി സംരക്ഷണവും | 18.304 | പ്രവൃത്തി പൂർത്തീകരിച്ചു |
| 6. | പൂൽപ്പറ്റ പഞ്ചായത്തിലെ തൃപ്പനച്ചിയിൽ കുടമൂച്ചി തോടിന് പാർശ്വഭിത്തി നിർമ്മാണം | 4.451 | പ്രവൃത്തി പൂർത്തീകരിച്ചു |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം - 2</u>

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് നമ്പർ 37 ൽ പാണക്കാട് പാലത്തിന് മുകൾ ഭാഗത്ത് ആരുവെട്ടിക്കടവ് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം. | 63.00 |
| 2. | മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് നമ്പർ 15 ൽ ( വീട് നമ്പർ 15/1065, 15/1065 എ,15/1061) താമരക്കുഴിയിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | 32.00 |
| 3. | ആനക്കയം ഗ്രാമ പഞ്ചായത്തിൽ പുത്തൻ തോടിന് കരുതൊടിക്ക് സമീപം ചോലപ്പുറത്ത് പാർശ്വഭിത്തി സംരക്ഷണം. | 23.00 |
| 4. | ആനക്കയം ഗ്രാമ പഞ്ചായത്തിൽ വാർഡ് നമ്പർ 22 ൽ പൂച്ചക്കണ്ണി കാക്കങ്ങൽ പടിയിൽ പുത്തൻതോടിന് പാർശ്വ ഭിത്തി സംരക്ഷണം | 25.00 |
| 5. | പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ പൂക്കോട്ടൂർ വലിയ തോടിന്പാലക്കച്ചിറയുടെ മുകൾ ഭാഗത്ത് പാർശ്വ ഭിത്തി സംരക്ഷണം | 25.00 |

സെക്ഷൻ ഓഫീസർ